24 (*280) വ്യവസായങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്

ശ്രീ. വി. ബാലറാം :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങൾക്ക് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിവിധ പ്രോത്സാഹനങ്ങൾ മൂലം ഈ രംഗത്ത് വർദ്ധിച്ച മൂലധന നിക്ഷേപം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്തെ ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണത്തിൽ എത്ര വർദ്ധനവുണ്ടായിട്ടുണ്ട്?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ)

(എ)&(ബി) ഉണ്ട്. 1996-97 മുതൽ ഇതുവരെ കെ.എസ്.ഐ.ഡി.സി. യുടെ സഹായസഹകരണത്തോടെ ആരംഭിച്ചിട്ടുള്ള 137 വ്യവസായങ്ങളിലൂടെ 1176.83 കോടി രൂപയ്ക്കുള്ള മൂലധന നിക്ഷേപം ഉണ്ടായിട്ടുണ്ട്. വിശദവിവരം അനുബന്ധമായി † നൽകിയിരിക്കുന്നു. ഈ കാലയളവിൽ ചെറുകിട വ്യവസായ മേഖലയിലെ മൂലധന നിക്ഷേപം 1049.64 കോടി രൂപയാണ്. ടെക്നോപാർക്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25 പുതിയ കമ്പനികൾ തുടങ്ങുകയും 5002 ലക്ഷം രൂപ മൂലധന നിക്ഷേപം നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 21.5.1996 മുതൽ 20.5.1999 വരെ സംസ്ഥാനത്ത് 56598 ചെറുകിട വ്യവസായങ്ങൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ മുൻപിലത്തെ ഇതേ കാലയളവിൽ 21.5.1993 മുതൽ 20.5.1996 വരെ 48576 ചെറുകിട വ്യവസായങ്ങൾക്ക് മാത്രമാണ് സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. രജിസ്ട്രേഷന്റെ കാര്യത്തിൽ 16.51% വർദ്ധന ഉണ്ടായിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1227) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഏജൻസികൾ

ശ്രീ. എം.പി. വർഗ്ഗീസ് :

ശ്രീ. എളമരം കരീം :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ ഉദ്ധരിക്കുന്നതിനും ഇവയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനും പ്രവർത്തിക്കുന്ന ഏജൻസികൾ ഏതൊക്കെയാണെന്നും ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ പ്രവർത്തനം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ ഉദ്ധരിക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് അതാത് സ്ഥാപനത്തിന്റെ മുഖ്യ ഭരണാധികാരിയാണ്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രക്രിയയുടെ ഗവൺമെന്റ് തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് പബ്ലിക് സെക്ടർ റീ സ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്) ആണ്.

(ബി) നിലവിലുള്ള സർക്കാർ നടപടിക്രമമനുസരിച്ച് പബ്ലിക് എന്റർപ്രൈസസ് ബോർഡിന്റെ അംഗീകാരം വേണ്ടിവരുന്ന പുനരുദ്ധാരണ പദ്ധതികൾ പരിശോധിച്ച് ഗവൺമെന്റ് അനുമതിക്കായുള്ള ശുപാർശകൾ നൽകുകയാണ്, ഇതിൽ ബി.പി.ഇ. (ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്) യുടെ പ്രവർത്തനം.

2 (1228) വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഇതിനുള്ള സാമ്പത്തികസഹായം ഏതെല്ലാം ഏജൻസികളിൽ നിന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം തരത്തിലുള്ള ഇൻഡസ്ട്രിയൽ യൂണിറ്റുകളാണ് ഇവിടെ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് നിലവിൽ എവിടെയെങ്കിലും ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന നാല് വ്യവസായ വളർച്ചാ കേന്ദ്രങ്ങൾക്കുള്ള സാമ്പത്തിക സഹായം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളാണ് നൽകുന്നത്.

(ബി) പരിസര മലിനീകരണം ഉണ്ടാകാത്ത ഇടത്തരം വൻകിട വ്യവസായ യൂണിറ്റുകളാണ് ഇവിടെ സ്ഥാപിക്കാനുദ്ദേശിക്കുന്നത്.

(സി) കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ എന്നീ ജില്ലകളിലാണ് ഇപ്പോൾ ഓരോ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly